48 (604) മാവൂർ ഗ്രാസിം ഫാക്ടറി അടച്ചുപൂട്ടുന്നത് ഒഴിവാക്കാൻ നടപടി

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. എം.കെ മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ മാവൂർ ഗ്രാസിം ഫാക്ടറി അടച്ചുപൂട്ടൽ ഭീഷണിയിലാണോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) അടച്ചുപൂട്ടൽ ഒഴിവാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഫാക്ടറി അടച്ചുപൂട്ടുവാനുള്ള മാനേജുമെന്റിന്റെ അപേക്ഷ സർക്കാർ തള്ളിക്കളഞ്ഞിരിക്കുകയാണ്. മാവൂർ ഗ്രാസിം ഇൻഡസ്ട്രീസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ മാനേജുമെന്റും തൊഴിലാളി സംഘടനകളും മറ്റു ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാരുമായി ചർച്ച തുടർന്നു വരികയാണ്.

49 (605) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റിലെ കാറുകളുടെ ഉപയോഗം

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് കമ്പനിക്ക് എത്ര കാറുകൾ സ്വന്തമായുണ്ട്;

(ബി) ഈ കാറുകളുടെ ഉപയോഗം സംബന്ധിച്ച് ലോഗ്ബുക്ക് സൂക്ഷിക്കുന്നുണ്ടോ?

ഉത്തരം

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റിന് എട്ട് കാറുകൾ സ്വന്തമായുണ്ട്.

(ബി) ഉണ്ട്.

50 (606) അലിൻഡ് കോർപ്പറേറ്റ് ഓഫീസ്

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന അലിൻഡ് കോർപ്പറേറ്റ് ഓഫീസ് വീണ്ടും തുറന്നു പ്രവർത്തിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) 1998 നവംബർ മുതൽ യാതൊരു മുന്നറിയിപ്പുമില്ലാതെ അടച്ചിട്ട ഈ ഓഫീസിലെ 15 തൊഴിലാളികൾക്ക് തൊഴിലില്ലാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly